## അക്കാഡമിക് മാസ്റ്റർ പ്ലാൻ

# കൈവിളക്ക്

## ഗവ.ഹൈസ്ക്കൂൾ, കാലടി

**2025-26**

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

**ഗവ.ഹൈസ്ക്കൂൾ, കാലടി**

## <u>ആമുഖം</u>

തിരുവനന്തപുരം നഗരമധ്യത്തിലാണ് സ്ഥിതി ചെയ്യുന്നതെങ്കിലും ഗ്രാമീണ അന്തരീക്ഷമുള്ള ഒരു സർക്കാർ വിദ്യാലയമാണ് കാലടി ഗവ.ഹൈസ്ക്കൂൾ. 1919-ൽ ശ്രീ കാവാലി കൃഷ്ണപിള്ള കുളത്തറയ്ക്കു സമീപം സ്ഥാപിച്ച പ്രൈമറി സ്കൂൾ 1940-ൽ സർക്കാർ ഏറ്റെടുക്കുകയും കാലടിയിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. 1960-ൽ യു.പി സ്കൂളായും 1974-ൽ ഹൈസ്ക്കൂളായും ഉയർത്തപ്പെട്ട ഈ വിദ്യാലയം പ്രമുഖരും പ്രശസ്തരുമായ അനേകം വ്യക്തിത്വങ്ങളെ വാർത്തെടുത്ത സരസ്വതി ക്ഷേത്രമാണ്.

2025 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയ്ക്കു 6 കുട്ടികൾ Full A+, 2 കുട്ടികൾ 9 A+ ഉം ഉൾപ്പെടെ നൂറുശതമാനം വിജയം നേടാൻ സാധിച്ചു. ഈ സ്കൂളിൽ ക്രിയേറ്റീവ് കോർണർ, ഫുട്ബാൾ ടർഫ്, കൂടാതെ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് ക്ലാസ്റൂമുകളും നിലവിലുണ്ട്.

2020 ജനുവരിയിൽ സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്താൻ തീരുമാനിക്കുകയും അന്താരാഷ്ട്ര നിലവാരമുള്ള കെട്ടിട സമുച്ചയം സ്കൂളിന് സ്വന്തമാകുകയും ചെയ്തു. 2022-23 ൽ പ്രീ-പ്രൈമറി സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രീ-പ്രൈമറിയെയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ തീരുമാനിച്ചു. ഉദ്ഘാടനം അടുത്തുകൊണ്ടിരിക്കുന്നു. ഈ വർഷത്തിൽ തന്നെ സ്കൂൾ ഗ്രൗണ്ടിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് ടെൻഡർ നടപടികൾ പൂർത്തിയായി. ഇനിയും ധാരാളം വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനായി പോകുന്ന ഈ സ്കൂളിന് വിശാലമായ ഒരു ഗ്രൗണ്ടും അതിനോടനുബന്ധിച്ച് കോർപ്പറേഷൻ നിർമ്മിച്ച് നൽകിയ ഫുട്ബോൾ ടർഫും സ്വന്തമായിട്ടുണ്ട്. ഇതും ഉദ്ഘാടനത്തിനായി സജ്ജമായിട്ടുണ്ട്.

650 ഓളം കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൽ കൗൺസലിംഗ്, SPC, SCOUT, GUIDE, NCC തുടങ്ങിയവ ആരംഭിക്കുന്നതിലൂടെ വരും വർഷങ്ങളിൽ സ്കൂളിനെ മികവിന്റെ പര്യായമാക്കുവാൻ സാധിക്കും. കൂടാതെ ബാസ്ക്കറ്റ് ബോൾ, ടെന്നീസ്

കോർട്ടുകൾ, നീന്തൽകുളം, തുടങ്ങിയവകൂടി നിർമ്മിക്കാൻ കഴിഞ്ഞാൽ സ്കൂൾ ജീവിത കാലത്ത് തന്നെ കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്താനും അതുവഴി സമൂഹത്തിന്റെ ഉയർച്ചയും ഉറപ്പാക്കാൻ സാധിക്കും.

അറുന്നൂറ്റി അമ്പതിലധികം കുട്ടികളുള്ള ഈ സ്കൂളിന് രണ്ട് ബസ്സുകൾ സ്വന്തമായുണ്ട്. ഇത് കുട്ടികളുടെ നിത്യേനയുള്ള ഗതാഗത ആവശ്യത്തിനും സ്കൂളിന്റെ ഫീൽഡ് ട്രിപ്പുകൾ പോലുള്ള ആവശ്യങ്ങൾക്കും യഥേഷ്ടം ഉപയോഗിക്കാൻ സാധിക്കുന്നുണ്ട്. മാതൃകാപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലൂടെ തിരുവനന്തപുരം ജില്ലയിലെ തന്നെ മികച്ച സ്കൂളുകളിൽ ഒന്നായി മാറിക്കൊണ്ടിരിക്കുന്ന കാലടി ഗവ.ഹൈസ്കൂളിന് ഒരു കൈവിളക്കായി ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26 സമർപ്പിക്കുന്നു.

## 2025–26 അധ്യയന വർഷത്തിലെ കുട്ടികളുടെ എണ്ണം

| STD | DIV | BOYS | GIRSL | TOTAL |
|---|---|---|---|---|
| **1** | A | 7 | 18 | 15 |
| **2** | A | 13 | 16 | 29 |
| **3** | A | 11 | 10 | 21 |
| | B | 8 | 12 | 20 |
| **4** | A | 10 | 12 | 22 |
| | B | 7 | 12 | 19 |
| **5** | A | 14 | 8 | 22 |
| | B | 12 | 10 | 22 |
| **6** | A | 19 | 7 | 26 |
| | B | 18 | 9 | 27 |
| **7** | A | 21 | 12 | 33 |
| | B | 18 | 15 | 33 |
| **8** | A | 23 | 7 | 30 |
| | B | 22 | 8 | 30 |
| | C | 20 | 9 | 29 |
| **9** | A | 28 | 9 | 37 |
| | B | 28 | 9 | 37 |
| **10** | A | 26 | 9 | 35 |
| | B | 26 | 7 | 33 |
| | C | 24 | 9 | 33 |

# <u>അക്കാഡമിക് മാസ്റ്റർപ്ലാൻ 2022–23</u>

## <u>ഹൈസ്കൂൾ വിഭാഗം – മലയാളം</u>

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഹൈസ്കൂളിലേയ്ക്ക് എത്തിയ എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പാക്കുക. | പ്രീ-ടെസ്റ്റ്<br><br>പ്രവേശനോത്സവത്തെക്കുറിച്ചോ ഏതെങ്കിലും സ്വയം തെരഞ്ഞെടുത്ത വിഷയത്തെക്കുറിച്ചോ കുറച്ചു കാര്യങ്ങൾ എഴുതിക്കുന്നു. പദഘടനയിലും വാക്യഘടനയിലും ഉണ്ടായ തെറ്റുകൾ പരിശോധിക്കുന്നു. തെറ്റ് വരുത്തിയവർക്ക് പരിഹാരബോധനം നിർദ്ദേശിക്കുന്നു. കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ കൂട്ടായ പ്രവർത്തനരീതി നടപ്പിൽ വരുത്തുന്നു. | 8, 9, 10 | അധ്യാപിക | |
| 2. സ്വതന്ത്ര വായനക്കാർ ആക്കി മാറ്റുക | സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ, കുട്ടികൾ സംഭാവന ചെയ്തവ | എച്ച്.എസ് | അധ്യാപകർ<br>രക്ഷിതാക്കൾ | |

| ലക്ഷ്യം | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | പൊതുജനങ്ങളിൽ നിന്ന് സമാഹരിച്ച പുസ്തകങ്ങൾ ഉപയോഗിച്ച് ക്ലാസ് -ലൈബ്രറി രൂപീകരിക്കുന്നു. ഒരു ആഴ്ചയിൽ രണ്ട് ബുക്ക് എന്ന ക്രമത്തിൽ വായന നിഷ്കർഷിക്കുന്നു. | ഒരു അക്കാദമിക് വർഷം | രക്ഷിതാക്കൾ<br>അധ്യാപകർ<br>പി.റ്റി.എ | |
| ക്ലബ്ബുകളുടെ സഹായത്തോടെ ഭാഷാശേഷി വർദ്ധിപ്പിക്കുക | വിദ്യാരംഗം കലാസാഹിത്യവേദി വഴി പതിപ്പുകൾ, ആസ്വാദനകുറിപ്പുകൾ, വായനക്കുറിപ്പുകൾ, പുസ്തകപരിചയം മുതലായവ നടത്തുന്നു. | ജൂലൈ - ഫെബ്രുവരി | അധ്യാപിക<br>രക്ഷിതാക്കൾ | |
| രചനാശേഷി വളർത്തുക | കഥാരചന, കവിതാരചന തുടങ്ങിയ സാഹിത്യ വാസനകൾ പരിശോധിച്ച് വേണ്ടുന്ന പ്രോത്സാഹനം നൽകുന്നു. | ജൂലൈ - ഫെബ്രുവരി | അധ്യാപകർ<br>രക്ഷിതാക്കൾ | |
| | പ്രശ്നോത്തരി, കഥാകഥനം, പുസ്തകപ്രദർശനം, വായനാനുഭവം പങ്കുവയ്ക്കൽ തുടങ്ങിയവ സംഘടിപ്പിക്കുന്നു. | ജൂൺ - ഫെബ്രുവരി | കുട്ടികൾ<br>അധ്യാപകർ | 500/- |
| പത്രങ്ങൾ | പത്രങ്ങൾ വായിച്ച് ഗ്രഹിക്കൽ, അംബ്ലിയിൽ പത്രവായന, പത്രക്വിസ്, ക്ലാസ്പത്രം, സ്കൂൾ പത്രം എന്നിവ തയ്യാറാക്കൽ | ജൂൺ- ഫെബ്രുവരി | കുട്ടികൾ<br>അധ്യാപകർ | 500/- |

| | | | | |
|---|---|---|---|---|
| യോഗങ്ങൾ | | | കുട്ടികൾ | - |
| കളരി | | | കുട്ടികൾ<br>അധ്യാപകർ | |
| ചുമർചിത്രം | സാഹിത്യവുമായി ബന്ധപ്പെട്ട വാർത്തകൾ, കുട്ടികളുടെ സൃഷ്ടികൾ, പഠനക്കുറിപ്പുകൾ, ദിനാചരണവുമായി ബന്ധപ്പെട്ട വസ്തുതകൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | കുട്ടികൾ | |
| ചിത്രഗ്യാലറി | സാഹിത്യകാരുടെ ചിത്രങ്ങൾ, പുസ്തകങ്ങൾ, പ്രശസ്തമായ പുസ്തകങ്ങൾ, മഹത്വചനങ്ങൾ, കവിതകൾ മുതലായവ പ്രദർശിപ്പിക്കൽ | മാസത്തിൽ ഒരു ദിവസം | അധ്യാപകർ | 1000 രൂപ |
| ദിനാചരണങ്ങൾ | ആചരിക്കേണ്ട പ്രധാന ദിനങ്ങൾ പട്ടികയാക്കുന്നു. അടിക്കുറിപ്പ്, പോസ്റ്റർ | ജൂൺ - ഫെബ്രുവരി | അധ്യാപകർ - കുട്ടികൾ | |
| സർഗ്ഗാത്മകശേഷി വികസിപ്പിക്കൽ പ്രതിഭകളെ പരിചയപ്പെടാം ആദരിക്കാം | സാഹിത്യകാർ, കവിതകൾ, മികച്ച റിട്ട. അദ്ധ്യാപകർ, വിദ്യാഭ്യാസ വിദഗ്ദ്ധർ തുടങ്ങിയവരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br>കഥ- കവിത പഠനകളരികൾ, സെമിനാർ മുതലയാവ സംഘടിപ്പിക്കുന്നു. കഥ, കവിത, സിനിമ എന്നിവയ്ക്ക് ആസ്വാദനം എഴുതുന്നു. | ഒക്ടോബർ - നവംബർ | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് കവികളുടെയും സാഹിത്യകാരുടെയും ജീവചരിത്രക്കുറിപ്പുകൾ സമാഹരിക്കുന്നു. ഗ്രന്ഥങ്ങളുടെ പേരുകൾ ശേഖരിക്കുന്നു. കൃതികൾ ലൈബ്രറിയിൽ നിന്നെടുത്ത് പ്രധാനഭാഗങ്ങൾ വായിക്കുന്നു. | ജൂലൈ-നവംബർ | അധ്യാപകർ | |
| എഴുത്തുകൂട്ടം ശില്പശാലകൾ | | | | |
| ഭാഷാപ്രോജക്ടുകൾ | ഭാഷയെ കൂടുതൽ മനസ്സിലാക്കുന്നതിനും ആഴത്തിലുള്ള പഠനത്തിനും വിവിധ പ്രോജക്ടുകൾ നൽകുന്നു. ഉദാ. ചെറുശ്ശേരി, എഴുത്തച്ഛൻ കുഞ്ചൻ നമ്പ്യാർ - ഭാഷ | അധ്യാപകർ - രക്ഷിതാക്കൾ | സെപ്റ്റംബർ | |
| പ്രാദേശികമായി വായന സാമഗ്രികൾ രൂപപ്പെടുത്തുന്നു | | | | |
| വിദ്യാരംഗം ക്ലബ്ബ് ലൈബ്രറി ഏകോപനം പ്രവർത്തനങ്ങൾ | കുട്ടികൾ ലൈബ്രറി ബുക്കുകൾ പരിശോധിച്ച് അവശ്യവിവരങ്ങൾ ശേഖരിച്ച് പതിപ്പുകൾ നിർമ്മിക്കുന്നു. ആ പതിപ്പുകൾ ലൈബ്രറിയിൽ പ്രദർശിപ്പിക്കുന്നു. | കുട്ടികൾ അധ്യാപകർ രക്ഷിതാക്കൾ | ജൂലൈ-നവംബർ | 500/- |

| | | | | |
|---|---|---|---|---|
| ബാലസഭ രൂപീകരിക്കൽ | | | | |
| രചനാപരമായ കഴിവ് പോഷിപ്പിക്കുന്നു | | | | |
| സ്വതന്ത്രരചന | സംഭാഷണരചന, കഥാപൂരണം, കവിതാപൂരണം, ഡയറി എഴുത്ത്, അഭിമുഖ ചോദ്യാവലി നിർമ്മാണം എന്നിവ പരിശീലിക്കുന്നു | രക്ഷിതാക്കൾ അധ്യാപകർ | ജൂലൈ ഓഗസ്റ്റ് | |
| പഠനയാത്ര | സാഹിത്യപ്രാധാന്യമുള്ള സ്ഥലങ്ങളിലേയ്ക്കും സ്ഥാപനങ്ങളിലേക്കും പഠനയാത്രകൾ സംഘടിപ്പിക്കുന്നു. പഠനയാത്ര അവലോകനം ചെയ്ത് ക്വിസ്, ഉപന്യാസ രചന എന്നിവ നടത്തുന്നു. | പി.റ്റി.എ അധ്യാപകർ | നവംബർ | 3000/- |
| ക്ലാസ് - ലൈബ്രറി രൂപീകരണം | ക്ലാസ് ലൈബ്രറി രൂപീകരിക്കൽ, കുട്ടികളുടെ പ്രായത്തിന് അനുസരിച്ച് ലൈബ്രറി പുസ്തകങ്ങൾ തെരഞ്ഞെടുക്കൽ. ക്ലാസ്സിൽ നിന്നും കുട്ടി ലൈബ്രറിയനെ തെരഞ്ഞെടുക്കൽ വിതരണ രജിസ്റ്റർ തയ്യാറാക്കൽ | കുട്ടികൾ അധ്യാപകർ | ജൂലൈ | 25000/- |

| | | | | |
|---|---|---|---|---|
| സമഗ്ര പോർട്ടൽ<br>പരിചയപ്പെടൽ | സമഗ്രയിലെ വിഭവങ്ങൾ കുട്ടികളെ<br>പരിചയപ്പെടുത്തുന്നു.<br>സമഗ്ര എങ്ങനെ ഉപയോഗിക്കാമെന്ന് മനസ്സി<br>ലാക്കി നൽകുന്നു. | രക്ഷിതാക്കൾ<br>അധ്യാപകർ | ജനുവരി | |

പരിമിതികൾ

1. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മുഴുവൻ ശേഷികളും ആർജ്ജിക്കാൻ നിരവധി കുട്ടികൾക്ക് കഴിയുന്നില്ല
2. സർഗാത്മക പ്രവർത്തനങ്ങൾക്ക് സമയം പ്രശ്നമാണ്.
3. ഐ.സി.റ്റി. സാധ്യതകൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല.

## H.S English

| Sl. No | Aim | Activities | Details | Time Duration | Class | Duty | Finance |
|---|---|---|---|---|---|---|---|
| 1 | All children gain the skills need to achieve in classes | Backward students are identified based on pretest | Understanding learning outcome of the students | June first week | | | |
| a | Understanding and hearing the language | Let children hear about smart room activities speech, radio programme stories, skit short film etc. Medium of instruction should be in English | Students are getting opportunity to hear language with proper pronunciation and articulation | August | 8-10 | English Teacher | |
| b | Students are able to read and write in English | English Newspaper comprehend passage and poem speak in English during classes | All students are given activities based on their abilities | One academic year | 8-10 | English Teacher | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | Read profile of English writers read short books in English language. | | | | | |
| c | Presenting their own ideas in English language | Role play conversation narration short summary Travelogue. Dairy Writing | Attain self confidence to handle English language reading note and great sayings in English language | One academic year | 8-10 | | |
| d. | Developing creative abilities among students | Choreography reciation students are given English texts books from school library | Presenting poem recitation and storytelling during special occasions of the school | November | 8-10 | English Teacher | |

# ഹിന്ദി ഹൈസ്കൂൾ

**ലക്ഷ്യം** : ഹിന്ദി ഭാഷാശേഷികളുടെ വികസനം

1. ഹിന്ദി ഭാഷയിലെ ഓഡിയോ വീഡിയോ എന്നിവ കേട്ട് മനസ്സിലാക്കാനുള്ള ശേഷി നേടുന്നു.
2. ഹിന്ദി ഭാഷയിൽ ആശയ വ്യക്തതയോടെ സംസാരിക്കാനുള്ള ശേഷി നേടുന്നു.
3. ഹിന്ദി ഭാഷയിൽ വിവിധ വ്യവഹാര രൂപങ്ങളിലുള്ള സൃഷ്ടികൾ വായിച്ചു മനസ്സിലാക്കാനുള്ള ശേഷി നേടുന്നു.
4. ഹിന്ദി ഭാഷയിൽ കൂടുതൽ വാക്കുകൾ വാക്കുകളുടെ അർത്ഥം മനസ്സിലാക്കാനുള്ള ശേഷി നേടുന്നു.

# ഹിന്ദി – ഹൈസ്കൂൾ വിഭാഗം

| | മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം / കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | ഹിന്ദി ഭാഷാ ശേഷി | വായനാകാർഡ്<br>മികച്ച വായനാ കാർഡു കൾ | ഹിന്ദി ഭാഷാശേഷി വികാസം എല്ലാ കുട്ടികളുടെയും പങ്കാളിത്തം സവിശേഷ് വൈഭവമുള്ള വർക്ക് കൂടു തൽ പ്രവർത്തനം | ജൂൺ മുതൽ സെപ്റ്റംബർ വരെ | ചാർട്ട് / കാർഡ് | 5000/- |
| 2. | ആശയവിനിമ ശേഷി | ചിത്രകഥ നിർമ്മാണം | ആശയ വിനിമയശേഷി വികാസം | ജൂൺ മുതൽ നവംബർ വരെ | ചാർട്ട് പേപ്പർ പെൻ | 5000/ |
| 3. | സർഗ്ഗശേഷി | ചിത്രകഥാ പുസ്തകം | ഭാഷാ നൈപുണി വികാസം CWSN കുട്ടികൾക്ക് | ജൂൺ മുതൽ ജനുവരി വരെ | ചാർട്ട് പേപ്പർ പെൻ മാർക്കർ | 5000/- |
| 4 | വാക്കുകൾ, അർത്ഥ ഗ്രാഡ്യി ശേഷി | നിഘണ്ടു | ഹിന്ദി വാക്കുകളുടെ അപ ര്യാപ്തത അർത്ഥം ഗ്രഹണം എന്നിവയുടെ പ്രവർത്തനം | ജൂൺ മുതൽ ഫെബ്രുവരി വരെ | നോട്ട് ബുക്ക് പെൻ | 5000/- |

| | | | | | | |
|---|---|---|---|---|---|---|
| 5. | ആശയവിനിമയം | നാടകീകരണം | ഭാഷാശൈലി വികാസം, സർഗ്ഗാത്മ ശേഷി വികാസം | ജനുവരി ഫെബ്രുവരി | റിക്കോർഡുകൾ സിസ്റ്റം | 5000/- |
| 6. | വായന | മാസിക, പത്രം, ലൈബ്രറി | വായനശേഷി വികാസം ആസ്വാദനശേഷി വികാസം | | | 1000/- |
| 7. | രചന | രചന | രചനശേഷി വികാസം | ആഗസ്റ്റ് മുതൽ | പേന, മാർക്കർ | 5000/- |
| 8. | ഐ.സി.റ്റി സാധ്യത | വായനക്കുറിപ്പ്, ഡോക്യുമെന്റേഷൻ ഓഡിയോ വീഡിയോ | പ്രകടനശേഷി വികാസം ഭാഷാശേഷി മനസ്സിലാക്കാനുള്ള ശേഷി | ആഗസ്റ്റ് മുതൽ മാർച്ച് വരെ | ഓഡിയോ / വീഡിയോ | 5000/- |

# ഹിന്ദി – ഹൈസ്കൂൾ വിഭാഗം

| | മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം / കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | ഹിന്ദി ഭാഷാ ശേഷി വികാസം | വായനാകാർഡ് വിവിധ സന്ദർഭങ്ങൾ ഉപയോഗിച്ച് വായനാകാർഡ് നിർമ്മാണം അവതരണം (എല്ലാ വിഭാഗം കുട്ടികൾക്കും) | ജൂൺ മുതൽ സെപ്റ്റംബർ വരെ | ഹിന്ദി, അധ്യാപകർ | ചാർട്ട് / കാർഡ് | ബി.ആർ.സി / പി.ടി.എ |
| 2. | തെരഞ്ഞടുത്ത കാർഡുകളുടെ തുടർപ്രവർത്തനത്തിലൂടെ സവിശേഷ പ്രതിഭകൾക്ക് പിന്തുണ നൽകാൻ | ഭാഷയിൽ വൈഭവമുള്ള കുട്ടികൾക്കായി തുടർപ്രവർത്തനം | ജൂൺ മുതൽ നവംബർ വരെ | ഹിന്ദി അധ്യാപകർ | കാർഡ് / ചാർട്ട് | ബി.ആർ.സി. പി.ടി.എ |
| 3. | ഭാഷാനൈപുണി | ചിത്രകഥാ നിർമ്മാണം | ജൂൺ മുതൽ നവംബർ വരെ | ഹിന്ദി അധ്യാപകർ | കളർ സ്കെച്ച് പെൻസിൻ | ബി.ആർ.ആർ.സി പിടിഎ |

| | | | | | | |
|---|---|---|---|---|---|---|
| 4. | രചനാശേഷി വികസനം | വിവിധ രചനകൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു. ക്ലാസ് തലം | ഫെബ്രുവരി മാർച്ച് വരെ | ഹിന്ദി അധ്യാപകർ | ചാർട്ട്, മാർക്കർ പേപ്പർ | എസ്.ആർ.ജി |
| 5. | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെട്ട് ഭാഷാശേഷി വികാസം | ഹിന്ദി കവിതകൾ, ഹിന്ദി അസംബ്ലി ഇവയിലൂടെ ഹിന്ദി ഭാഷയിൽ വിവിധ വ്യവഹാര രൂപങ്ങൾ കേൾക്കുന്നതിനും, കാണുന്നതിനുമുള്ള അവസരം | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി ക്ലബ്ബ് ഹിന്ദി അധ്യാപകർ | ഐ.സി.റ്റി ലാപ്ടോപ്പ് ഹിന്ദി അംസംബ്ലി | ബി.ആർ.സി ഡയറ്റ്, SCRT |

# ഗണിതം – എച്ച്.എസ് 2023–2024

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും അതാത് ക്ലാസുകളിൽ നേടേണ്ട ശേഷികൾ നേടുക | | | | | | |
| a | ചതുഷ്ക്രിയകൾ, അടി സ്ഥാനഗണിതം എന്നിവ ഉറപ്പുവരുത്തുക | ദശാംശ സംഖ്യകൾ, ഭിന്ന സംഖ്യകൾ എന്നിവ ഉൾപ്പെടുന്ന പ്രവർത്തനം | കുട്ടികൾക്ക് ICT പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ ആദ്യവാരം | 8, 9 10 | Maths Tcr | |
| b | സംഖ്യാബോധം ഉറപ്പുവ രുത്തുന്നതിന് | സംഖ്യകൾ വ്യാഖ്യാനി ക്കുന്ന വിവിധ രീതികൾ | Square root spiral (chart) | ജൂൺ അവസാനം ജൂലൈ | 8, 9 10 | Maths Tcr | |
| c | ഗണിതപഠനം ആസ്വാദക രമാക്കുക | ഗണിതമാഗസിൻ സംഖ്യ പിരമിഡ്, ഗണിത കളി കൾ, ഗണിത കവിതാ ശേഖരണം | ICT പ്രവർത്തനങ്ങൾ വഴി ഗണിത കവിതകൾ Puzzles ഇവയുടെ ശേഖരണം നടത്തുന്നു | ജൂലൈ അവസാനം | 8, 9 | Maths Tcr | |

| | | | | | | | |
|---|---|---|---|---|---|---|---|
| d | ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നതിനും തത്വങ്ങൾ മനസ്സിലാക്കുന്നതിനും അവ ഉപയോഗപ്പെടുത്തുന്നതിനും | രൂപങ്ങൾ സ്വയം ഉണ്ടാക്കുന്നു<br>ലാബ് നവീകരണം | Georgebra പ്രവർത്തനങ്ങൾ | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ | 8, 9, 10 | Maths Tcr | |
| e | | ജ്യാമിതീയ പാർക്ക് | ക്ലബ് പ്രവർത്തനങ്ങളിൽ Still model working model Number chart തയ്യാറാക്കുന്നു. | | 8, 9, 10 | Maths Tcr | |
| f | ഗണിത ആശയങ്ങൾ മനസിലാക്കുക | ഗണിതവുമായി ബന്ധപ്പെട്ട വാക്കുകൾ ശേഖരിച്ച് അവയെ നിഘണ്ടു രൂപത്തിൽ തയ്യാറാക്കുന്നു | പാഠഭാഗത്തിലെ വാക്കുകൾ, അവയുടെ ആശയവും കണ്ടെത്തുന്നു | November | 8, 9, 10 | Maths Tcr | |

| | | | | | | | |
|---|---|---|---|---|---|---|---|
| g | ഗണിതപഠനം ആസ്വാദക രമാക്കുക | ഗണിതക്വിസ് | ഗണിതസംഖ്യകൾ ഉപ യോഗിച്ച് പലരൂപങ്ങൽ വരയ്ക്കുക. അവ യുടെ പ്രദർശനം നട ത്തുന്നു. ICT ഉപയോ ഗപ്പെടുത്തുന്നു. | December | 8, 9 10 | Maths Tcr | |

# ശാസ്ത്രം – ഹൈസ്കൂൾ വിഭാഗം

## ലക്ഷ്യങ്ങൾ

- പരീക്ഷണത്തിലൂടെയും നിരീക്ഷണത്തിലൂടെയും വിശകലനത്തിലൂടെയും മനുഷ്യൻ കൈവരിച്ച അറിവാണ് ശാസ്ത്രം. അത് പ്രവർത്തനാധിഷ്ഠിതവും അന്വേഷണാത്മ കവുമാണ് എന്നാശയം കുട്ടികളിൽ വളർത്തിയെടുക്കുക.
- ശാസ്ത്ര പഠനത്തിലെ അടിസ്ഥാന രീതികളായ പരീക്ഷണം, നിരീക്ഷണം, അപഗ്രഥനം, നിഗ മന രൂപീകരണം എന്നിവയ്ക്ക് ഊന്നൽ നൽകി ശാസ്ത്രപഠനം ആനന്ദകരമായ ഒരനുഭവ മായി കുട്ടികളെ മാറ്റുക.
- പുതിയ ആശയങ്ങളും മേഖലകളും പരിചയപ്പെടുത്തുകയും അവ ജീവിത മൂല്യങ്ങളുടെയും മനോഭാവങ്ങളുടെയും ഭാഗമാക്കുന്നതിലൂടെ കുട്ടികളെ ഉയർന്ന ചിന്താശേഷി ഉള്ളവരായി മാറ്റുക.
- നേടിയ അറിവുകളുടെയും കഴിവുകളുടെയും തുടർച്ചയും വളർച്ചയും ഉറപ്പ് വരുത്തി കുട്ടി കളെ കൂടുതൽ ഉയരങ്ങളിൽ എത്തിക്കുക.
- മാനവ സംസ്കാരത്തിനു പുതിയ മാനങ്ങൾ നൽകുകയും മനുഷ്യരുടെ ജീവിത സൗകര്യ ങ്ങൾ മെച്ചപ്പെടുത്തുകയും പരിസ്ഥിതി സൗഹാർദപരമായ കാഴ്ചപ്പാടുകൾ കുട്ടികളിൽ രൂപ വത്ക്കരിക്കുക.
- കുട്ടികളിൽ പരീക്ഷണ നിരീക്ഷണ പാടവം വളർച്ച യുക്തിചിന്ത വളർത്തി എടുക്കുക. ഉപ കരണങ്ങൾ കൈകാര്യം ചെയ്യാനുള്ള നൈപുണ്യം വികസിപ്പിക്കുക.
- ശാസ്ത്രപഠനത്തിൽ മികവ് പുലർത്തുന്നവരെ ഉയർന്ന മേഖലയിൽ എത്തിക്കാൻ പ്രത്യേകം പരിശീലനം നൽകുക
- വിജ്ഞാന വിസ്ഫോടനത്തിന്റെ ഭാഗമായി കിട്ടുന്ന പുതിയ അറിവുകൾ ഉൾപ്പെടുത്തി ശാസ്ത്ര പുസ്തകങ്ങൾ തയ്യാറാക്കാൻ പ്രാപ്തരാക്കുക.
- പഠനപ്രവർത്തനങ്ങളും പഠനാനുഭവങ്ങളും ചിന്തിച്ചും ചോദ്യം ചെയ്തും ചർച്ചാ സൂചക ങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിയും ആശയങ്ങളെ വിമർശനാത്മകമായി സമീപിച്ചും ശാസ്ത്രപഠനം ആയാസരഹിതവും മധുരതരമായ ഒരു അനുഭവമാക്കി വരും തലമുറയെ ശക്തിപ്പെടുത്തുക.
- ശാസ്ത്ര സാങ്കേതിക വിദ്യയുടെയും വിവരസാങ്കേതിക വിദ്യയുടെയും വളർച്ചയിൽ അധിഷ്ഠി തമായ നൂതനാശയങ്ങൾ മനസ്സിലാക്കുവാനും അതിനനുസരിച്ച് ചിന്താശേഷി നേടി എടുക്കു വാനും കുട്ടികളെ പ്രാപ്തരാക്കുന്നതിലൂടെ പൊതുസമൂഹത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുക.

| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം /കാലം | ഭൗതികം | സാമ്പ ത്തികം |
|---|---|---|---|---|---|
| ശാസ്ത്രപഠനം ലളിതമാക്കൽ | ശാസ്ത്ര പാർക്ക് | അന്വേഷണ താൽപര്യം ശാസ്ത്ര സർഗ്ഗാത്മകത വളർത്തുക, ശാസ്ത്ര തത്വങ്ങൾ പ്രായോഗി കമായി മനസ്സിലാ ക്കുക | ജൂൺ മുതൽ മാർച്ച് വരെ | എസ് എസ് കെ, പിടിഎ, വിദ്യാർത്ഥി വിദഗ്ധരുടെ ക്ലാസ് | |
| ശാസ്ത്രാഭി രുചി | ശാസ്ത്ര ദിനാചരണ ങ്ങൾ | ശാസ്ത്രത്തിനോ ടുള്ള താൽപ്പര്യം, ശാസ്ത്രാവബോധം, പ്രക്രിയാശേഷി വളർത്തുക | ജൂൺ മുതൽ മാർച്ച് വരെ | പിടിഎ വിദ്യാർത്ഥി, സോഷ്യൽ മീഡിയ | |
| ശാസ്ത്രവും സമൂഹവും | ശാസ്ത്ര പഠനയാത്ര കൾ ഊർജ്ജ സംര ക്ഷണ പ്രവർത്തന ങ്ങൾ, കൃഷി പരി സ്ഥിതി, സൗഹൃദ സെമിനാറുകൾ, ആരോഗ്യ ശുചിത്വ ശീലങ്ങൾ, ശാസ്ത്ര സെമിനാറുകൾ, രക്തദാനക്യാമ്പ്, മെഡിക്കൽ ക്യാമ്പ്, കണ്ണ് പരിശോധന ക്യാമ്പ് | ശാസ്ത്ര പഠനത്തി ലൂടെ സാമൂഹ്യ നന്മയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക | ജൂൺ മുതൽ മാർച്ച് വരെ | പിടിഎ വിദ്യാർത്ഥി, സോഷ്യൽ മീഡിയ പത്ര - വാർത്ത മാധ്യമങ്ങൾ | |
| ശാസ്ത്ര ത്തിലെ നവീന ആശ യങ്ങൾ | സയൻസ് ബുള്ള റ്റിൻ, സയൻസ് കോർണർ, കുട്ടിക ളുടെ നിർമ്മിതികൾ, കുട്ടികളുടെ ഇന്ന വേറ്റീവ് കണ്ടുപിടി ത്തങ്ങൾ, വീഡിയോ - ഓഡിയോ അവതര ണങ്ങൾ, സയൻസ് ക്വിസ് മത്സരങ്ങൾ, പോസ്റ്റർ തയ്യാറാ ക്കൽ, മുദ്രാഗീത ങ്ങൾ | ശാസ്ത്രത്തിലെ പുത്തൻ ആശയ ങ്ങൾ കുട്ടികളിലും രക്ഷകർത്താക്ക ളിലും എത്തിക്കുക | ജൂൺ മുതൽ മാർച്ച് വരെ | പിടിഎ വിദ്യാർത്ഥി, സയൻസ് ക്ലബ്, ഇന്റർ നെറ്റ് സോഷ്യൽ മീഡിയ, പത്ര വാർത്ത മാധ്യമങ്ങൾ | |
| പരീക്ഷണ നിരീ ക്ഷണങ്ങൾ | പാഠപുസ്തകവു മായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ, ശാസ്ത്ര ലാബിന്റെ നവീകരണം | കുട്ടികളിൽ നിരീ ക്ഷണ പരീക്ഷണ പാടവം വർദ്ധിപ്പിച്ച് ശാസ്ത്രതാൽപ്പര്യം രൂപീകരിക്കുക | ജൂൺ മുതൽ മാർച്ച് വരെ | പിടിഎ വിദ്യാർത്ഥി, സയൻസ് ക്ലബ് സയൻസ് ലാബ് | |

| | | | | | |
|---|---|---|---|---|---|
| ടാലന്റ് ഹണ്ട് | കുട്ടി ശാസ്ത്ര ജ്ഞൻമാരെ കണ്ടെത്തി സ്റ്റുഡന്റ് റിസോഴ്സ് ഗ്രൂപ്പ് ഉണ്ടാക്കുക | ശാസ്ത്ര പഠനത്തിൽ മികവ് പുലർത്തുന്ന വർക്ക് ഉയർന്ന നില വാരത്തിൽ എത്താൻ വേണ്ട പരിശീലനം നൽകൽ | ജൂൺ മുതൽ മാർച്ച് വരെ | വിദഗ്ധരുടെ ക്ലാസ് | |
| ശാസ്ത്ര പുസ്തക നിർമ്മാണം | ശാസ്ത്രവുമായി ബന്ധപ്പെട്ട അനു ബന്ധ പുസ്തക നിർമ്മാണം | ശാസ്ത്ര സംബന്ധ മായ പാഠപുസ്തക ങ്ങൾ പുതിയ വിവര ങ്ങൾ ഉൾപ്പെടെ കുട്ടികൾക്ക് സ്വയം നിർമ്മിക്കാം | ജൂൺ മുതൽ മാർച്ച് വരെ | വിദഗ്ധരുടെ ക്ലാസ്, ഇന്റർനെറ്റു കൾ, പ്രിന്റർ തുടങ്ങിയവ | |
| റിസർച്ച് മെത്തഡോ ളജി മനസിലാ ക്കൽ | റിസർച്ച് സെന്ററുക ളിൽ സന്ദർശനം നട ത്തുക (ബൊട്ടാണ ക്കിൽ ഗാർഡൻ, സുവോളജിക്കൽ പാർക്ക്, സി.എസ്. ഐ.ആർ തുടങ്ങിയ വ) | അന്വേഷണാത്മകത കുട്ടികളിൽ വളർത്തുക. കൗതു കത, ശാസ്ത്രാഭി രുചി ഇന്ററാക്ഷൻ സ്കിൽ, ഉയർന്ന ചിന്താസേഷി തുട ങ്ങിയ പ്രോത്സാഹിപ്പി ക്കുക | ജൂൺ മുതൽ മാർച് വരെ | വിദഗ്ധരുടെ ക്ലാസ്, പിടിഎ വിദ്യാർത്ഥി | |
| ശാസ്ത്രകിറ്റ് | പാഠ പുസ്തകവു മായി ബന്ധപ്പെട്ട സെർക്കീട്ടുകളുടെ നിർമ്മാണം | പരീക്ഷണ - നിരീ ക്ഷണ പാടവം വർദ്ധിപ്പിക്കൽ, സുഗ മമായി കൈകാര്യം ചെയ്യിക്കുക | ജൂൺ മുതൽ മാർച്ച് വരെ | വിദഗ്ധരുടെ ക്ലാസ്, പിടിഎ വിദ്യാർത്ഥി | |
| ഇൻസ്പയർ അവാർഡ് | പ്രായോഗിക മത്സര പരീക്ഷകൾ നടത്തു ക. ഇന്നവേറ്റീവ് പ്രവർത്തന രൂപീക രണം | ഉയർന്ന ചിന്താഗ തിക്ക് അനുസരിച്ച് സമൂഹത്തിന് പ്രയോ ജനമാകുന്ന തര ത്തിൽ കണ്ടുപിടിത്ത ങ്ങൾ ലളിതമായി വികസിപ്പിക്കുക | ജൂലായ് - ആഗസ്റ്റ് | വിദ്യാർത്ഥി ദേശീയതലം | |

## സാമൂഹ്യശാസ്ത്രം – ഹൈസ്കൂൾ വിഭാഗം

### ലക്ഷ്യങ്ങൾ

1. ചരിത്രബോധം വളർത്തൽ

   തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രപഠനം

   ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള അവബോധം

2. ജനാധിപത്യബോധവും പൗരധർമ്മവും വളർത്തൽ

   തെരഞ്ഞെടുപ്പ് പ്രക്രിയയിലെ പങ്കാളിത്തം

   പാർലമെന്ററി ജാനാധിപത്യത്തിലെ വിവിധ ഘടകങ്ങൾ തിരിച്ചറിയുന്നു.

   മോഡൽ പാർലമെന്റിന്റെ വിവിധ ഘടകങ്ങളിലൂടെ കടന്നുപോകുന്നു.

   സംവാദാത്മക പഠനത്തിലൂടെ സാമൂഹ്യ വിഷയങ്ങളിൽ പ്രതികരിക്കുന്നു.

| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം / കാലം | ഭൗതികം | സാമ്പ ത്തികം |
|---|---|---|---|---|---|
| 1. ചരിത്ര ബോധം | പുരാവസ്തു പ്രദർശനം മ്യൂസിയം സന്ദർശനം മ്യൂസിയം നിർമ്മാണം | 1. കുട്ടികളിൽ ചരിത്രബോധം വളർത്തൽ<br>2. ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള അവബോധം<br>3. സ്കൂൾ മ്യൂസിയം | ജൂൺ മുതൽ സെപ്റ്റംബർ വരെ | പി.ടി.എ, എസ്.എസ്. ജി.ബി.ആർ. സി.എസ്.സി. ജി.ആർ.ടി | 20000/- |
| 2. ജനാധിപത്യ പൗരധർമ്മം | പാർലമെന്റ് തെരഞ്ഞെടുപ്പ് പ്രക്രിയ (സ്കൂൾ) മോഡൽ പാർലമെന്റ് രൂപീകരണം പ്രസംഗകളരി | 4. ജനാധിപത്യ സംവിധാനത്തിലെ വിവിധ ഘടകങ്ങൾ തിരിച്ചറിയുന്നു. പങ്കാളിയാകുന്നു<br>5. സംവാദാത്മക പഠനത്തിലൂടെ സാമൂഹ്യപ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പ്രതികരിക്കുന്നു. | ആഗസ്റ്റ് മുതൽ മാർച്ച് വരെ | പി.ടി.എ, എസ്.എസ്. ജി.ബി.ആർ. സി.എസ്.സി. ജി.ആർ.ടി | 20000/- |
| 3. ഭൂപട വായന ശേഷി | | | ജനുവരി മുതൽ മാർച്ച് വരെ | സാമൂഹ്യ ശാസ്ത്ര ലാബ്, പി.ടി.എ, ബി. ആർ.സി | 25000/- |

| ശേഷി | പ്രവർത്തനം | കാലം / സമയം | ചുമതല | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. കുട്ടികളിൽ ചരിത്രബോധം വളർത്തൽ, ചരിത്രശേഷിപ്പുകൾ സംരക്ഷിക്കാനുള്ള അവബോധം, | പുരാവസ്തു പ്രദർശനം, സ്കൂളിലെ രക്ഷിതാക്കളുടെ അഭ്യൂദയകാംക്ഷി കളുടെയും സഹായത്തോടെ പുരാവസ്തു പ്രദർശനം, സാമൂഹ്യ ശാസ്ത്ര ക്ലബിന്റെ ആഭിമുഖ്യത്തിൽ ചരിത്രമ്യൂസിയങ്ങൾ സന്ദർശനം റിപ്പോർട്ട് തയ്യാറാക്കൽ | ജൂൺ മുതൽ ജനുവരി വരെ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ സാമൂഹ്യ ശാസ്ത്ര ക്ലബ് | പുരാവസ്തുക്കൾ ചിത്രങ്ങൾ ചാർട്ടുകൾ മാതൃകകൾ | പി.ടി.എ ബി. ആർ.സി |
| 2. ജനാധിപത്യ സംവിധാനത്തിലെ വിവിധ ഘടകങ്ങൾ തിരിച്ചറിഞ്ഞ് പങ്കാളിയാകുന്നു. | സ്കൂൾ സാമൂഹ്യ ശാസ്ത്ര മ്യൂസിയം തയ്യാറാക്കൽ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്, ബാലറ്റ് പേപ്പർ ഉപയോഗിച്ച് പൊതുതെരഞ്ഞെ | | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, പാർലമെന്ററി ലിറ്ററസി ക്ലബ് | ബാലറ്റ് പേപ്പർ, മഷി, വോട്ടിംഗിന് ആവശ്യമായ മറ്റ് വസ്തുക്കൾ | പി.ടി.എ ബി. ആർ.സി |

| | | | | | |
|---|---|---|---|---|---|
| സംവാദാത്മക പഠനത്തിനുള്ള അവസരം | ടുപ്പിന്റെ മാതൃകയിൽ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തുന്നു. വിജ്ഞാപനം, നാമനിർദ്ദേശപത്രിക സ്വീകരിക്കൽ, സൂക്ഷ്മ പരിശോധന, തെരഞ്ഞെടുപ്പ്, ഫലപ്രഖ്യാപനം, സത്യപ്രതിജ്ഞ | | | | |
| | മോഡൽ പാർലമെന്റ് രൂപീകരണം | | | സ്കൂൾഹാൾ, മൈക്ക്, കസേര, മേശ | പി.ടി.എ<br>ബി.<br>ആർ.സി |

| | | | | | |
|---|---|---|---|---|---|
| | ക്ലാസുകളിൽ നിന്നും തെര്ഞ്ഞെടുക്കപ്പെട്ട ഒന്നാം സ്ഥാനക്കാരെ ഭരണപക്ഷമായും രണ്ടാം സ്ഥാനക്കാരെ പ്രതിപക്ഷമായും മാറ്റിക്കൊണ്ട് മോഡൽ പാർലമെന്റ് രൂപീകരിക്കുന്നു. ഭരണപക്ഷത്തു നിന്നും വിവിധ വകുപ്പ് മന്ത്രിമാരേയും മുഖ്യമന്ത്രിയേയും തീരുമാനിക്കുന്നു. പ്രതിപക്ഷത്തുനിന്നും പ്രതിപക്ഷ നേതാവിനെ തെരഞ്ഞെടുക്കുന്നു. സ്പീക്കറേയും മറ്റ് അംഗങ്ങളേയും തെരഞ്ഞെടുക്കുന്നു. | | പാർലമെന്ററി ലിറ്ററസി ക്ലബ് സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |
| | ഓരോ വകുപ്പ് മന്ത്രിമാർക്കും സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ചുമതല നൽകുന്നു. ആഭ്യന്തര വകുപ്പിനു കീഴിൽ സ്ക്കൗട്ട് & ഗൈഡ് ഇവയെല്ലാം പ്രവർത്തിക്കും | ആഗസ്റ്റ് മുതൽ മാർച്ച് വരെ | | | |
| | ഉച്ചഭക്ഷണ ചുമതല ഭക്ഷ്യമന്ത്രിയാക്കിരിക്കും. പാർലമെന്റ് കൂടുന്ന അവസരങ്ങളിൽ ഓരോ വകുപ്പ് മന്ത്രിയും തന്റെ വകുപ്പിൽ നടന്ന പ്രവർത്തനങ്ങൾ റിപ്പോർട്ടായി അവതരിപ്പിക്കണം. പ്രതിപക്ഷ കക്ഷികൾ ഇതിനെ വിമർശനാത്മകമായി | | | | |

| | | | | | |
|---|---|---|---|---|---|
| | ചോദ്യം ചെയ്യും. ശേഷം വകുപ്പുമ ന്ത്രിമാർ മറുപടി പറയും. | | | | |
| | സാമൂഹ്യ പ്രശ്നങ്ങളുമായി ബന്ധ പ്പെട്ട ബില്ലുകൾ അംഗങ്ങൾക്ക് സഭയിൽ അവതരിപ്പിക്കാം. ചർച്ച കൾക്ക് ശേഷം ബില്ല് മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടുകൂടി പാസാ ക്കാം. | | | | |
| | പാർലമെന്റിലെ അംഗങ്ങൾക്ക് തന്റെ ആശയങ്ങൾ മെച്ചപ്പെട്ട രീതിയിൽ സഭയിൽ അവതരിപ്പി ക്കുന്നതിന് ഇവർക്കായി പ്രസംഗ ക്കളരി സംഘടിപ്പിക്കണം. | | സാമൂഹ്യ ശാസ്ത്ര ക്ലബ് | | ബി. ആർ.സി |
| ഭൂപട വായ നാശേഷി വളർത്തൽ നിർമ്മാണ നൈപുണി വളർത്തൽ | | | | | |
| | പ്രാദേശിക ചരിത്രബോധം | തെളിവുകളുടെ അടിസ്ഥാന ത്തിൽ ചരിത്രപഠനം, ഒരു പ്രദേ ശത്തെ സംബന്ധിച്ച ചരിത്ര | പ്രാദേശിക ചരി ത്രബോധം വളർത്തുക | | |

| | | | | | |
|---|---|---|---|---|---|
| | | ബോധം വളർത്തുക, ചരിത്രസ്മരകങ്ങൾ സന്ദർശിക്കുക. | | | |
| | | | വിവിധ പ്രവർത്തനമാതൃകകൾ നിർമ്മിയ്ക്കാനുള്ള ശേഷി | | |

# സവിശേഷ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

## മലയാളം – യു.പി. വിഭാഗം

| | മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം / കാലം | ഭൗതികം |
|---|---|---|---|---|---|
| 1. | ഭാഷാപരമായ ശേഷി വികസനം | വായന | ഒഴുക്കോടെയും തെറ്റില്ലാതെയും വായിക്കാനുള്ളശേഷി നേടുന്നു | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | വായന കാർഡ് |
| 2. | സർഗ്ഗാത്മക ശേഷി വികസനം | ആസ്വാദനം വിശലകനം | വിവിധ വ്യവഹാരത്തിലുള്ള സൃഷ്ടികൾ വായിച്ചും കേട്ടും ആസ്വദിക്കുന്നതിനുള്ള ശേഷി നേടുന്നു | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ | |
| | | കഥാപുരണം<br><br>കവിതാപൂരണം<br><br>പതിപ്പുകൾ<br>ആശയപടം | വിവിധ വ്യവഹാര രൂപത്തിലുള്ള സാഹിത്യരൂപങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ശേഷി നേടുന്നു. | ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | പേപ്പർ ചാർട്ട്<br>പെൻ |
| | വായന | ലൈബ്രറി പുസ്തകങ്ങൾ ആസ്വദിക്കുന്നു | ഗ്രാമീണ ഗ്രന്ഥശാലകളിലും സ്കൂൾ ലൈബ്രറികളിലുമുള്ള ഗ്രന്ഥങ്ങൾ വായിക്കാനുള്ള താൽപര്യം ഉണ്ടാകുന്നു | എല്ലാ മാസത്തിലും | സ്കൂൾ ലൈബ്രറി |

# മലയാളം – യു.പി. വിഭാഗം

| | |
|---|---|
| പഠനലക്ഷ്യങ്ങൾ : | ഭാഷാപരമായ ശേഷികളുടെ വികസനം, ചിന്താശേഷിയേയും വൈജ്ഞാനിക വികസനത്തേയും ഭാഷാപഠനം പുഷ്ടിപ്പെടുത്തുന്നു |
| ഉപലക്ഷ്യങ്ങൾ: | 1. ഒഴുക്കോടെയും തെറ്റില്ലാതെയും വായിക്കാനുള്ള ശേഷി നേടുന്നു.<br>2. ആശയ വ്യക്തതയോടെ തെറ്റില്ലാതെ എഴുതാനുള്ള ശേഷി നേടുന്നു.<br>3. വിവിധ വ്യവഹാര രൂപത്തിലുള്ള സൃഷ്ടികൾ, കൃതികൾ എന്നിവ ആസ്വദിക്കുന്നതിനുള്ള ശേഷി നേടുന്നു.<br>4. വിവിധ സാഹിത്യ രൂപങ്ങളിലുള്ള സൃഷ്ടികൾ നടത്തുന്നതിനുള്ള ശേഷി നേടുന്നു.<br>5. അക്ഷരങ്ങൾ, ചിഹ്നങ്ങൾ, പദങ്ങൾ പ്രയോഗങ്ങൾ, ശൈലികൾ മുതലായവ ആവശ്യാനുസരണം കൃത്യതയോടെയും സൂക്ഷ്മതയോടെയും ഉപയോഗിക്കാനുള്ള ശേഷി നേടുന്നു.<br>6. ഗ്രാമീണ ഗ്രന്ഥശാലകളിലും സ്കൂൾ ലൈബ്രറികളിലുമുള്ള ഗ്രന്ഥങ്ങൾ വായിക്കാനും ആസ്വദിക്കാനുമുള്ള ശേഷി നേടുന്നു. |

# മലയാളം – യു.പി. വിഭാഗം

| **ശേഷി** | പ്രവർത്തനം | കാലം / സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഒഴുക്കോടെയും തെറ്റില്ലാതെയും വടിവോടും ലേഖനത്തിനുള്ള ശേഷി | പ്രീടെസ്റ്റ്<br>ഗ്രൂപ്പിംഗ്<br>പദസൂര്യൻ<br>കഥാപൂരണം<br>കവിതാപൂരണം<br>പതിപ്പുകൾ<br>കയ്യെത്ത് മത്സരം<br>ചുവർ പത്രിക / മാസിക | ജൂൺ<br>ജൂലൈ<br><br><br>ആഗസ്റ്റ് മുതൽ മാർച്ച് വരെ | വായന സാമഗ്രി<br>ചാർട്ട് പേപ്പർ<br>മാർക്കർ പേന<br>പേപ്പർ<br>പേന | ബി.ആർ.സി.എസ്.ആർ.ജി |
| ഒഴുക്കോടെയും തെറ്റില്ലാതെയും വായിക്കുന്നതിനുള്ള ശേഷി നേടുന്നു. | ഗ്രൂപ്പിംഗ് ഭാഷാ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് ഗ്രൂപ്പ്<br>വായന മത്സരം<br>ഗ്രന്ഥശാല അംഗത്വം<br>വാർത്ത വായന | ജൂൺ 3 ആഴ്ച 10 മാസം<br>ജൂലൈ മുതൽ മാർച്ച് വരെ | അക്ഷര കാർഡുകൾ<br>പുസ്തക ങ്ങൾ<br>ചാർട്ട് സ്കൂൾ അസംബ്ലി<br>രക്ഷിതാക്കളുടെ പങ്കാളിത്തം | അധ്യാപകർ<br>രക്ഷിതാക്കൾ<br>ബി.ആർ.സി |

# ഇംഗ്ലീഷ് – യു.പി. വിഭാഗം

**ലക്ഷ്യം**

- ലിസണിംഗ്, സ്പീക്കിംഗ്, റീഡിംഗ്, റൈറ്റിംഗ് - ഇംഗ്ലീഷ്

  ഭാഷയിൽ ആശയങ്ങൾ കേട്ട് മനസിലാക്കുന്നതിനും പറഞ്ഞ് പ്രകടിപ്പിക്കുന്നതിനും വായിച്ച് മനസ്സിലാക്കുന്നതിനും എഴുതി പ്രകടിപ്പിക്കുന്നതിനും ശേഷി നേടുന്നു.

- സർഗ്ഗശേഷി

  ഇംഗ്ലീഷ് ഭാഷയിലെ കൃതികൾ വായിച്ചും കേട്ടും ആസ്വദിക്കുന്നതിനും സാഹിത്യസൃഷ്ടി നടത്തുന്നതിനും ശേഷി നേടുന്നു.

- ഇംഗ്ലീഷ് പഠനം രസകരവും അനായാസവുമാക്കി മാറ്റുക

- വിവിധ പ്രവർത്തനങ്ങളിലൂടെ ഇംഗ്ലീഷ് ഭാഷയോടുള്ള ഭയം മാറ്റി രസകരമാക്കി മാറ്റുക

# ഇംഗ്ലീഷ് – യു.പി. വിഭാഗം

| | മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം / കാലം | ഭൗതികം | സാമ്പ ത്തികം |
|---|---|---|---|---|---|---|
| 1 | ഭാഷാപരമായ ശേഷിക ളുടെ വിക സനം | ലിസണിംഗ് | ഒഴുക്കോടെ ഇംഗ്ലീഷിൽ ആശയങ്ങൾ കേൾക്കു ന്നതിനും വീഡിയോ / ഓഡിയോയുടെ സഹാ യത്തോടെ ആശയങ്ങൾ മനസിലാക്കുന്നതിനും ശേഷി നേടുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | പെൻഡ്രൈവ്<br>മൊബൈൽ<br>ലാപ്ടോപ്പ് | |
| 2 | | സ്പീക്കിംഗ് | ഒഴുക്കോടെയും തെറ്റി ല്ലാതെയും ഇംഗ്ലീഷ് ഭാഷയിൽ ആശയങ്ങൾ പങ്കുവയ്ക്കുന്നതിന് ശേഷി നേടുന്നു | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ | മൊബൈൽ<br>ലാപ്ടോപ്പ് | |
| 3 | | റീഡിംഗ് | ഒഴുക്കോടെയും തെറ്റി ല്ലാതെയും ഇംഗ്ലീഷ് ഭാഷയിൽ ആശയങ്ങൾ പങ്കുവയ്ക്കുന്നതിന് ശേഷി നേടുന്നു | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | റീഡിംഗ് കാർഡ്<br>ലൈബ്രറി<br>പുസ്തകങ്ങൾ<br>പാഠപുസ്തക ങ്ങൾ | |
| 4 | | റൈറ്റിംഗ് | വ്യാകരണം തെറ്റില്ലാതെ ഇംഗ്ലീഷ് ഭാഷയിൽ ആശയങ്ങൾ എഴുതി അവതരിപ്പിക്കുന്നതി നുള്ള ശേഷി നേടുന്നു | ദീർഘകാലം | | |
| 5 | സർഗ്ഗപര മായ ശേഷി വികസനം | ആസ്വാദനം | വ്യത്യസ്ത സാഹിത്യ രൂപങ്ങളിലുള്ള സൃഷ്ടി കൾ വായിച്ച് ആസ്വദി ക്കുന്നതിനുള്ള ശേഷി നേടുന്നു | ദീർഘകാലം | | |
| 6 | | സർഗ്ഗസൃഷ്ടി | വ്യത്യസ്ത സാഹിത്യരൂപ ങ്ങളിൽ സാഹിത്യ സൃഷ്ടി നടത്തുന്നതി നുള്ള ശേഷി നേടുന്നു. | | | |

# ഇംഗ്ലീഷ് – യു.പി. വിഭാഗം

| | ശേഷി | പ്രവർത്തനം | സമയം | ചുമതല | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് ഭാഷ കേൾക്കുന്നതിനും സംസാരിക്കുന്നതിനും എഴുതാനും വായിക്കാനും ഉള്ള ശേഷി എല്ലാ കുട്ടികളും നേടുന്നു | ലിസണിംഗ് ഇംഗ്ലീഷ് ഭാഷയിൽ കഥകൾ കേൾക്കാനുള്ള അവസരം നൽകുന്നു. ഷോർട്ട് ഫിലിം കാണിക്കുന്നതിലൂടെയും കുട്ടികൾക്ക് ഇംഗ്ലീഷ് മനസിലാക്കാനും സാധിക്കുന്നു. | ഹ്രസ്വ കാലം | അധ്യാപകർ | മൊബൈൽ പ്രൊജക്ടർ | എസ്ആർജി |
| | | സ്പീക്കിംഗ്,<br>ചിത്രരചന, വിശദീകരണം, റോൾ പ്ലേ, ഡിബേറ്റ് എന്നിവയും സ്കിറ്റ്, പ്രസംഗം, പദ്യം ചൊല്ലൽ എന്നിവയിലൂടെ കുട്ടികൾക്ക് സംസാരിക്കാനുള്ള ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു. | ദീർഘ കാലം | അധ്യാപകർ | ചാർട്ട് പേപ്പർ മാർക്കർ | എസ് ആർ ജി ബിആർസി |
| | | **<u>റീഡിംഗ്</u>**<br>ലൈബ്രറി പുസ്തകങ്ങൾ വായിച്ച് ആസ്വാജന കുറിപ്പ് തയ്യാറാക്കൽ | ദീർഘ കാലം | അധ്യാപകർ | ലൈബ്രറി | |
| | | **<u>റൈറ്റിംഗ്</u>**<br>പോസ്റ്റർ, നോട്ടീസ് തുടങ്ങിയവ തയ്യാറാക്കൽ | ദീർഘ കാലം | അധ്യാപകർ | ലാപ്ടോപ്പ് | ഇംഗ്ലീഷ് ക്ലാസ് എസ്ആർജി |
| 2 | പഠന പിന്നോക്കാവസ്ഥ മാറ്റി തുല്യത കൈവരിക്കൽ | **<u>പ്രീ ടെസ്റ്റ്</u>**<br>ഗ്രൂപ്പ് തിരിച്ച് വിവിധ പ്രവർത്തനങ്ങളിലൂടെ പരസ്പര സഹായങ്ങളിലൂടെയും | ദീർഘം | അധ്യാപകർ | പുസ്തക കൗണ്ടർ | എസ്ആർജി |
| 3 | മികവുള്ള കുട്ടികൾക്ക് ടാലന്റ് ഹണ്ട് | ഇംഗ്ലീഷ് ഫെസ്റ്റ്<br>ഇംഗ്ലീഷ് റീഡിംഗ് ഗ്രൂപ്പ് | ഹ്രസ്വ കാലം | ഇംഗ്ലീഷ് ക്ലബ് | | |

# ഹിന്ദി – യു.പി. വിഭാഗം

| | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|---|
| 1 | | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക്<br><br>ചിത്രം വരപ്പിക്കൽ<br>ചിത്രത്തിന് കളർ നൽകൽ<br>ഐ.സി.റ്റി യിലൂടെ കഥകൾ, കവിതകൾ, ആസ്വദിപ്പിക്കൽ | June to February | ഹിന്ദി അദ്ധ്യാപിക | | |
| | | ഹിന്ദി കവിതകളും കഥകളും കേൾക്കുന്നു<br>ആസ്വദിക്കുന്നു, സ്വന്തം വാക്യത്തിൽ അവതരിപ്പിക്കുന്നു. | June to February | | | |
| | | വാക്കുകളും വാക്യങ്ങളും പരിചയപ്പെടൽ<br>വായിച്ച് അർത്ഥം ഗ്രഹിക്കുന്നതിനും ആസ്വദിക്കുന്നതിനും<br>കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള വായനാ കാർഡുകളും പുസ്തകങ്ങളും വായനാമുറിയിൽ ക്രമീകരിക്കൽ<br>വായനാമത്സരം സംഘടിപ്പിക്കൽ (മികച്ച വായനക്കാരൻ, വായനക്കാരി, സമ്മാനം നൽകൽ) | June to February | ഹിന്ദി അദ്ധ്യാപിക | | |
| | | അടിസ്ഥാനത്തിൽ വായനാക്കുറിപ്പ് സംഭാഷണം ഡയറി കവിത എന്നിങ്ങനെയുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കൽ<br>അസംബ്ലിയിൽ സർഗ്ഗവേദിയിൽ ഹിന്ദി ക്ലബ് അവതരണം | June to February | ഹിന്ദി അദ്ധ്യാപിക | | |
| | | ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട സംഭാഷണം പരിചയപ്പെടൽ<br>രണ്ട് കുട്ടികൾ അടങ്ങുന്ന ഗ്രൂപ്പായി തിരിക്കൽ ചെറു സംഭാഷണങ്ങൾ തയ്യാറാക്കൽ<br>റോൾ പ്ലെ<br>പ്രശ്നോത്തരി<br>ആഴ്ചയിൽ ഒരു ചോദ്യം നൽകുന്നു<br><br>ഉത്തരം കണ്ടെത്തൽ<br>വിജയികൾക്ക് സമ്മാനം | June to February | | | |

| | | | | | | |
|---|---|---|---|---|---|---|
| | | മാനക് ലിപി പരിചയപ്പെടുത്തൽ<br>അക്ഷരകാർഡ് / പദനിർമ്മാണം / പദകേളികൾ<br>പാഠഭഗങ്ങൾ വായിച്ച് ചിഹ്നങ്ങൾ കണ്ടെത്തി പദങ്ങൾ തയ്യാറാക്കൽ<br>പ്രതിദിനം 5 വാക്ക് വീതം എഴുതിപ്പിക്കൽ<br>എഴുതിയ പദങ്ങൾ ഓർത്തെടുത്ത് അവതരിപ്പിക്കാനുള്ള അവസരം നൽകൽ<br>പ്രദർശന ബോർഡിൽ വാക്ക് പരിചയപ്പെടുത്തൽ<br>വായിച്ചപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ വായനാക്കുറിപ്പ്, സംഭാഷണം, ഡയറി, കവിത എന്നിങ്ങനെയുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കൽ<br>അസംബ്ലിയിൽ സർഗ്ഗവേദിയിൽ ഹിന്ദി ക്ലബിൽ അവതരണം | | | | |
| | | ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട സംഭാഷണം പരിചയപ്പെടൽ<br>രണ്ട് കുട്ടികൾ അടങ്ങുന്ന ഗ്രൂപ്പായി തിരിക്കാൻ ചെറു സംഭാഷണങ്ങൾ തയ്യാറാക്കൽ<br>പ്രശ്നോത്തരി<br>ആഴ്ചയിൽ ഒരു ചോദ്യം നൽകുന്നു ഉത്തരം കണ്ടെത്തൽ<br>വിജയികൾക്ക് സമ്മാനം | June to February | ഹിന്ദി അദ്ധ്യാപിക | | |

# ഗണിതം

## യു. പി. വിഭാഗം

**ലക്ഷ്യങ്ങൾ**

1. ചതുഷ്ക്രിയകളിലെ ആശയങ്ങൾ കൂട്ടൽ, കുറയ്ക്കൽ, ഗുണിക്കൽ, ഹരിക്കൽ) ഉറപ്പിക്കൽ.
2. സംഖ്യകളുടെ തിരിച്ചറിയൽ, താരതമ്യം, വലുത്, ചെറുത്, ഭിന്നസംഖ്യ  ഇവ ഉറപ്പിക്കൽ
3. ജ്യാമിതീയ രൂപങ്ങളെ വരയ്ക്കാനും തിരിച്ചറിയാനുമുള്ള കഴിവ് നേടൽ
4. ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കാനുള്ള ശേഷി നേടൽ
5. ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക ഗണിത പ്രശ്നങ്ങൾക്ക് പരിഹാരം കാണൽ
6. പ്രായോഗിക ജീവിതത്തിലെ അളവുകളേയും തൂക്കങ്ങളേയും മനസിലാക്കാനും ഉപകരണങ്ങൾ നിർമ്മിക്കാനുമുള്ള ശേഷി നേടൽ
7. മികവ് പുലർത്തുന്ന കുട്ടികൾക്ക് അധിക പരിശീലനത്തിലൂടെ ഉയർന്ന നിലവാരമെത്തിക്കൽ
8. ഗണിതത്തെ ആകർഷകവും അവതരണക്ഷമവുമായ ദൃശ്യരൂപങ്ങളാക്കൽ
9. ഗണിതത്തോട് പൊതുവേ കണ്ടുവരുന്ന ഭയം അസ്പൃശ്യത എന്നിവ ഇല്ലാതാക്കൽ
10. ഗണിതപഠനം രസകരവും അനായാസവുമാക്കൽ
11. ഗണിത പഠനം ആസ്വാദന തലത്തിലേയ്ക്ക് ഉയർത്തുന്നതിന് അവസരം സൃഷ്ടിക്കൽ
12. പ്രശ്ന പരിഹാരത്തിന്റെ പ്രക്രിയഘട്ടങ്ങൾ സ്വന്തം അധ്വാനത്തിലൂടെ യുക്തിപൂർവ്വം നിർവഹിക്കുന്നതിന് തയ്യാറാക്കൽ
13. ഗണിതമൂല നിർമ്മിക്കൽ

# ഗണിതം

## യു. പി. വിഭാഗം

| മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം / കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|
| 1 ചതുഷ് ക്രിയകളിലെ ആശയങ്ങൾ | സംഖ്യാബോധം ഉറപ്പിക്കൽ, സംഖ്യകളോട് താൽപര്യമുണ്ടാക്കൽ, യുക്തി ചിന്ത വർദ്ധിപ്പിക്കൽ | കൂട്ടൽ, കുറയ്ക്കൽ, ഗുണിക്കൽ, ഹരിക്കൽ ചതുഷ്ക്രിയകൾ, ഉറപ്പിക്കുന്നു. സംഖ്യകളെ വ്യാഖ്യാനിക്കുന്നു | ജൂൺ ജൂലൈ (എല്ലാ ദിവസവും) | മാർക്ക് ഷീറ്റ്, കാർഡുകൾ, സംഖ്യാപാമ്പ് | 10000 രൂപ |
| 2 സംഖ്യകൾ തിരിച്ചറിയുന്നു. താരതമ്യം ചെയ്യുന്നു, വ്യാഖ്യാനിക്കുന്നു | അടിസ്ഥാന ക്രിയകൾ ഉറപ്പിക്കൽ | സംഖ്യകളെ താരതമ്യം ചെയ്യുന്നു. ചെറുത് - വലുത് അടിസ്ഥാന ക്രിയ ഉറപ്പിക്കുന്നു | ആഗസ്റ്റ് സെപ്റ്റംബർ | സംഖ്യാ കാർഡുകൾ വസ്തുക്കൾ | 10000 രൂപ |
| 3 പ്രശ്ന നിർദ്ധാരണ ശേഷി | ഗണിതകളരി | ജീവിതവുമായി ബന്ധപ്പെട്ട ഗണിത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു. നിത്യ ജീവിതത്തിൽ പ്രശ്നങ്ങൾ പ്രയോഗിക്കുന്നു. | സെപ്റ്റംബർ ഒക്ടോബർ | ചാർട്ട്, ചിത്രങ്ങൾ സൈഡ് | 10000 രൂപ |
| 4 ജ്യാമിതീയ ഉപകരണങ്ങൾ | ഗണിത ശില്പശാല ഗണിത കേളി | ജ്യാമിതീയ രൂപങ്ങളെ തിരിച്ചറിയുന്നു. ജ്യാമിതീയ രൂപങ്ങളെ വരയ്ക്കുന്നു. ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നു | നവംബർ ഡിസംബർ | ചാർട്ട്, കാർഡ് ബോർഡ്, പെൻ പേപ്പർ | 10000 രൂപ |
| 5 അളവുകൾ തൂക്കങ്ങൾ | അളവുപകരണങ്ങൾ നിർമ്മാണം അളവുപകരണങ്ങൾ പ്രദർശനം | പ്രായോഗിക ജീവിതവുമായി ബന്ധപ്പെട്ട അളവുകളുടെയും തൂക്കങ്ങളെയും തിരിച്ചറിയുന്നു. ഉപകരണങ്ങൾ നിർമ്മിക്കാനുള്ള നൈപുണ്യം നേടുന്നു. | ജനുവരി ഫെബ്രുവരി | ചാർട്ട്, കാർഡ് അളവ്, പാത്രങ്ങൾ ത്രാസ് | 10000 രൂപ |
| 6 മികവാർന്ന കുട്ടികൾക്ക് അധിക പരിശീലനം | ന്യൂമാറ്റ്സ് യുഎസ്.എസ് കുട്ടികൾക്ക് പരിശീലനം | പ്രതിഭാശാലികളായ കുട്ടികളെ ഉയർന്ന നിലവാരത്തിലെത്തിക്കാൻ പ്രത്യേകം പരിശീലനം | ആഴ്ചയിൽ 2 ദിവസം | വർക്ക് ഷീറ്റ്, മാതൃകാ ചോദ്യങ്ങൾ | 5000 രൂപ |

| | | | | | |
|---|---|---|---|---|---|
| 7 ഗണിത മൂല | ഗണിതാശയങ്ങൾ ഉൾക്കൊള്ളിച്ച് ഗണിതമൂല | ഗണിതാശയങ്ങൾ ഉൾക്കൊള്ളുന്ന ചിത്ര ങ്ങൾ, രൂപങ്ങൾ, ശില്പങ്ങൾ എന്നിവ ഉൾപ്പെടുത്തി ഗണിത മൂല തയ്യാറാക്കൽ | ഫെബ്രുവരി മാർച്ച് | പിറ്റിഎ ഗണിത ക്ലബ് | 10000 രൂപ |
| 8 ഗണിത ങ്ങൾഉറപ്പി ക്കൽ | ഗണിത നിഘണ്ടു നിർമ്മാണം | ആസ്വാദ്യകരമായ പഠനത്തിലൂടെ ഗണിത ആശയങ്ങൾ ഉറപ്പിക്കൽ | അക്കാദമിക് വർഷം | എ4 പേപ്പർ ചാർട്ടുകൾ സ്കെച്ചുകൾ | സെൽഫ് |
| 9 മാഗസിൻ നിർമ്മാണം | ഗണിത മാഗസിൻ നിർമ്മാണം | ഗണിതപഠനം ആസ്വാ ദ്യകരമാക്കുക | ജൂൺ - നവംബർ | ചാർട്ടുകൾ എ4 പേപ്പർ | സെൽഫ് |

# അടിസ്ഥാന ശാസ്ത്രം

# യു. പി. വിഭാഗം

**ലക്ഷ്യങ്ങൾ**

1. ശാസ്ത്രാഭിമുഖ്യവും പ്രക്രിയാശേഷിയും വളർത്തുക
2. ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക
3. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക
4. കൃഷിയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക
5. കുട്ടികളിൽ പരീക്ഷണ നിരീക്ഷണ പാടവം വളർത്തുക.

**അടിസ്ഥാന ശാസ്ത്രം – യു. പി വിഭാഗം**

| | മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/കാലം | ഭൗതികം | സാമ്പ ത്തികം |
|---|---|---|---|---|---|---|
| 1 | ശാസ്ത്രാഭി രുചി വളർത്തൽ | ശാസ്ത്ര പാർക്ക് തയ്യാറാക്കൽ | ശാസ്ത്രാഭിരുചിയും പ്രക്രിയാശേഷിയും വളർത്തുക | ദീർഘകാലം | പിടിഎ | 5000/- |
| 2 | ശാസ്ത്രവും നിർമ്മാ ണവും | ശാസ്ത്ര ഉപകരണ ങ്ങൾ നിർമ്മിക്കുക | ശാസ്ത്രങ്ങളുടെ നേട്ടങ്ങളിൽ അഭിമാ നിക്കുക | ഒരു വർഷം | | |
| 3 | പരീക്ഷണ നിരീ ക്ഷണങ്ങൾ | പരീക്ഷണങ്ങൾ | കുട്ടികളുടെ നിരീ ക്ഷണ പരീക്ഷണ പാടവം വർദ്ധിപ്പിച്ച് ശാസ്ത്രാഭിരുചി വളർത്തൽ | ഒരു വർഷം | | |

## അടിസ്ഥാന ശാസ്ത്രം – യു.പി വിഭാഗം

| | ശേഷി | പ്രവർത്തനം | കാലം | ചുമതല | ഭൗതികം | ഹ്രസ്വം / ദീർഘം | സാമ്പത്തികം |
|---|---|---|---|---|---|---|---|
| 1 | ശാസ്ത്രാഭി രുചി വളർത്തൽ | ശാസ്ത്ര പാർക്ക് തയ്യാറാക്കൽ<br>യൂണിറ്റിലെ പ്രവർത്തനങ്ങളും പരീക്ഷണങ്ങളും ചെയ്യുന്നതിനാവശ്യ മായ വസ്തുക്കളും ഉപകരണങ്ങളും കണ്ടെത്തി ശാസ്ത്ര കിറ്റ് തയ്യാറാ ക്കുന്നു | 1 വർഷം | സയൻസ് അധ്യാപകർ | പിടിഎ | ദീർഘം | ടീച്ചഴ്സ് ഗ്രാന്റ് |
| 2 | ശാസ്ത്രവും നിർമ്മാ ണവും | ശാസ്ത്ര ഉപകരണ ങ്ങൾ നിർമ്മിച്ച് ഉപ യോഗിക്കുന്നു | 1 വർഷം | സയൻസ് അധ്യാപകർ | പിടിഎ | ദീർഘം | സെൽഫ് |
| 3 | കൃഷിയോ ടുള്ള അഭി രുചി വളർത്തൽ | പഠനയാത്ര | ഒരു ദിവസം | സയൻസ് അധ്യാപകർ | | | സ്കൂൾഫണ്ട് |
| 4 | പരിസ്ഥിതി സൗഹൃദം | പ്ലാസ്റ്റിക് ഉപയോ ഗം പരമാവധി കുറച്ച് പ്രകൃതിയെ സംരക്ഷിക്കുക | ഒരു വർഷം | എക്കോ ക്ലബ് | | | |
| 5 | പരീക്ഷണ നിരീ ക്ഷണങ്ങൾ | യു.പി ക്ലാസുക ളിലെ ശാസ്ത്രാശ യങ്ങളെ അടിസ്ഥാ നമാക്കി പരീക്ഷണ ങ്ങൾ ചെയ്യുന്നു | 1വർഷം | അധ്യാപകർ | പിടിഎ | ദീർഘം | സെൽഫ് |

# സാമൂഹ്യശാസ്ത്രം

## യു. പി. വിഭാഗം

**ലക്ഷ്യങ്ങൾ**

1. ചരിത്രബോധം വളർത്തിയെടുക്കൽ
2. തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രപഠനം
3. ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള അവബോധം
4. തെരഞ്ഞെടുപ്പ് പ്രക്രിയ തിരിച്ചറിയൽ
5. ജനാധിപത്യ ബോധവും പൗരധർമ്മവും വളർത്തൽ
6. ഭൂപട നിർമ്മാണ ശേഷി
7. അറ്റ്ലസ് നിർമ്മാണശേഷി
8. സാമൂഹ്യശാസ്ത്ര ലാബ് നവീകരണം
9. മോഡൽ പാർലമെന്റിന്റെ വിവിധ ഘടകങ്ങളിലൂടെ പങ്കാളിത്തം
10. സംവാദാത്മക പഠനത്തിലൂടെ വിവിധ സാമൂഹ്യ വിഷയങ്ങളിൽ പ്രതികരിക്കുന്നു.

## സാമൂഹ്യശാസ്ത്രം – യു.പി വിഭാഗം

| | മേഖല | പ്രവർത്തനം | ലക്ഷ്യം | സമയം/കാലം | ഭൗതികം | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | ചരിത്ര ബോധം | പുരാവസ്തു പ്രദർശനം മ്യൂസിയം സന്ദർശനം സ്കൂൾ മ്യൂസിയം തയ്യാറാക്കൽ | തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രപഠനം ചരിത്രശേഷിപ്പുകൾ സംരക്ഷിക്കുന്നതിനുള്ള അവബോധം | ജൂൺ ജൂലൈ ആഗസ്റ്റ് | പിടിഎ | |
| 2 | ജനാധിപത്ര ബോധം പൗര ബോധം | തെരഞ്ഞെടുപ്പ് പ്രക്രിയ മോഡൽ പാർലമെന്റ് പ്രസംഗക്കളരി | ജനാധിപത്യ സമ്പ്രദായത്തിലെ വിവിധ ഘടകങ്ങൾ തിരിച്ചറിഞ്ഞ് അതിൽ പങ്കാളികളാകുന്നു | ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | തെരഞ്ഞെടുപ്പ് സാമഗ്രികൾ | |
| 3 | ഭൂപട വായനശേഷി | ഭൂപടവുമായി ബന്ധപ്പെട്ട കളികൾ ഭൂപട പസിൽ നിർമ്മാണം, അറ്റ്ലസ് നിർമ്മാണം ഗ്ലോബ് നിർമ്മാണം | സംവാദാത്മക പഠനത്തിലൂടെ സാമൂഹ്യ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പ്രതികരിക്കുന്നു. ഭൂപടവായനശേഷി വളർത്തൽ, ഭൂപടം, അറ്റ്ലസ്, ഗ്ലോബ് നിർമ്മാണ നൈപുണിനേടൽ | നവംബർ ഡിസംബർ ജനുവരി ഫെബ്രുവരി മാർച്ച് | ചാർട്ട് മാപ്പ് സൺപായ്ക്ക് ഷീറ്റ് | |
| 4 | സാമൂഹ്യ ശാസ്ത്ര ലാബ് നവീകരണം | ലാബ് ആകർഷകമാക്കൽ ചിത്രീകരണം നിശ്ചല മാതൃകകൾ പ്രവർത്തന മാതൃകകൾ | ലാബ് നവീകരണത്തിലൂടെ സാമൂഹ്യ ശാസ്ത്ര അവബോധം | | പെയിന്റ് ചാർട്ട് വിവിധ മോഡലുകൾ | |

| | ശേഷി | പ്രവർത്തനം | കാലം / സമയം | ചുമതല | ഭൗതികം | പിന്തുണ |
|---|---|---|---|---|---|---|
| 1 | കുട്ടികളിൽ ചരിത്ര ബോദം വളർത്തിയെടുക്കൽ | പ്രാദേശിക ചരിത്രാവബോധം വളർത്തുക<br>പ്രദേശത്തെ ചരിത്രസ്മാരക സന്ദർശനം<br>പഴയകാല ഉപകരണങ്ങൾ ശേഖരിക്കൽ<br>പുരാവസ്തു പ്രദർശനം (തിരുവനന്തപുരം മ്യൂസിയം) സ്കൂൾ ചരിത്ര മ്യൂസിയം തയ്യാറാക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | എസ്.എസ്. ക്ലബ് സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ<br>ടീച്ചേഴ്സ് ഗ്രാന്റ് | ബിആർസി<br>എസ്.എസ്.ജി |
| 2 | ജനാധിപത്ര ബോധവും പൗര ബോധവും പൗര ധർമ്മവും വളർത്തുക | സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് ഇലക്ഷൻ വിജ്ഞാപനം, നാമനിർദ്ദേശ പത്രിക സ്വീകരിക്കൽ, സൂക്ഷ്മ നിരീക്ഷണം, പിൻവലിക്കൽ, വോട്ടെടുപ്പ് (ബാലറ്റ് പേപ്പർ ഉപയോഗിച്ച്) ഫലപ്രഖ്യാപനം സത്യ പ്രതിജ്ഞ മോഡൽ പാർലമെന്റ് | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ | എസ്.എസ്. ക്ലബ് സാമൂഹ്യശാസ്ത്ര അധ്യാപകർ | പിടിഎ<br>ടീച്ചേഴ്സ് ഗ്രാന്റ് | പാർലമെന്ററി വകുപ്പ് |
| 3 | ഭൂപട വായനശേഷി | ഭൂപടവുമായി ബന്ധപ്പെട്ട കളികൾ ഭൂപട പസിൽ നിർമ്മാണം,<br>അറ്റ്ലസ് നിർമ്മാണം<br>ഗ്ലോബ് നിർമ്മാണം | സംവാദാത്മക പഠനത്തിലൂടെ സാമൂഹ്യ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പ്രതികരിക്കുന്നു. ഭൂപടവായനശേഷി വളർത്തൽ, ഭൂപടം, അറ്റ്ലസ്, ഗ്ലോബ് നിർമ്മാണ നൈപുണിനേടൽ | നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | ചാർട്ട്<br>മാപ്പ് സൺപായ്ക്ക് ഷീറ്റ് | |

| | | | | | | |
|---|---|---|---|---|---|---|
| 4 | സാമൂഹ്യ ശാസ്ത്ര ലാബ് നവീ കരണം | ലാബ് ആകർഷക മാക്കൽ ചിത്രീ കരണം നിശ്ചല മാതൃകകൾ പ്രവർത്തന മാതൃ കകൾ രൂപീക രണം വകുപ്പുക ളുടെ ചുമതല, പാർലമെന്റ് സഭ ചേരൽ<br>പ്രസംഗ കളരി | ലാബ് നവീകരണ ത്തിലൂടെ സാമൂഹ്യ ശാസ്ത്ര അവ ബോധം | | പെയിന്റ്<br>ചാർട്ട്<br>വിവിധ മോഡലുകൾ | |
| 5 | ഭൂപട വായന ശേഷി വളർത്തൽ | ഭൂപടവുമായി ബന്ധപ്പെട്ട പസിൽ നിർമ്മാണം ഭൂപട വുമായി ബന്ധപ്പെ ട്ടവിവിധ കളികൾ ഭൂപട നിർമ്മാണം | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | ഗ്ലോബ്, മാപ്പ്, അറ്റ്ലസ്, പഠന വിഭവ സിഡി, സൺ പായ്ക്ക് ഷീറ്റ് | ബി.ആർ.സി എസ്.എ സ്.ജി |
| 6 | സാമൂഹ്യ ശാസ്ത്ര ലാബ് നവീ കരണം | സാമൂഹ്യ ശാസ്ത്ര ലാബ് ആകർഷക മാക്കാൻ ചിത്രീക രണം, വിവിധ നിശ്ചല മാതൃക കൾ നിർമ്മിക്കൽ | ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | സാമൂഹ്യ ശാസ്ത്ര ക്ലബ്<br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പെയിന്റ്, ചാർട്ട്<br>വിവിധ മോഡലുകൾ | ബി.ആർ.സി എസ്.എ സ്.ജി |

# അക്കാഡമിക മാസ്റ്റർ LP

## മലയാളം 2023–24

## ഗവ. ഹൈസ്കൂൾ കാലടി

| | പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | ക്ലാസ് | ചുമതല | സാമ്പത്തികം | കാലം |
|---|---|---|---|---|---|---|---|
| 1 | മാതൃഭാഷ അനായാസം പറയാനും വായിക്കാനും എഴുതാനുമുള്ള കഴിവ് പരിശോധിക്കൽ | മുന്നറിവ് പരിശോധന | അക്ഷരക്കാർഡ് പ്രദർശിപ്പിച്ച് പറയാനും എഴുതാനും ഉള്ള അവസരം പദനിർമ്മാണം, വാക്യ നിർമ്മാണം ലളിതമായ വായന ക്കാർഡുകൾ വായിക്കുന്നു. | I to IV | അധ്യാപകർ | | ജൂൺ ആദ്യവാരം |
| 2 | മാതൃഭാഷ അനായാസം വായിക്കാനും എഴുതാനുമുള്ള കഴിവ് എല്ലാ കുട്ടികളും ആർജ്ജിക്കുക | അക്ഷരങ്ങൾ ഉറപ്പിക്കൽ അടയാളങ്ങൾ ഉറപ്പിക്കൽ | അക്ഷരക്കാർഡുകൾ ചാർട്ടുകൾ തുടങ്ങിയവ കണ്ട് അക്ഷരങ്ങൾ തിരിച്ചറിയുന്നു. പദ നിർമ്മാണം വാക്യനിർമ്മാണം (അക്ഷരക്കാർഡുകൾ, പദക്കാർഡുകൾ എന്നിവ ഉപയോഗിച്ച് | | അധ്യാപകർ | | ആഗസ്റ്റ് വരെ |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | | ചിഹ്നം ചേർക്കാം | അടയാളങ്ങൾ ഒഴിവാക്കി വാക്യങ്ങൾ നൽകിയ ശേഷം ചിഹ്നങ്ങൾ ചേർക്കുന്നു. ചിഹ്നം ചേർത്ത് കുട്ടിക്കഥകൾ പൂർത്തിയാക്കൽ | I to IV | | | |
| 4 | ഗണിതചിന്താശേഷി വളർത്തൽ | ഗണിത പസിൽ<br>കൃസൃതിക്കണക്ക്<br>ഗണിതക്യാമ്പ്<br>ഗണിത മാഗസിൻ | വ്യക്തിഗതമായി ആഴ്ചയിൽ ഒരു പസിൽ വീതം എഴുതി അവതരിപ്പിക്കുന്നു.<br>ഓരോ ടീമിലും ഗണിതക്യാമ്പ് ഗണിത മാഗസിൻ നടത്തുന്നു. | I to IV | ക്ലാസ് | | ജൂൺ<br>മാർച്ച് |
| 5 | ഗണിത ശാസ്ത്ര പഠനം - രസകരമാക്കാൻ / സുതാര്യമാക്കൽ (കര - ചലന ശേഷി വികാസം) | നിർമ്മാണ ശില്പ ശാല<br>ഗണിതലാബ് | ഒറിഗാമിരൂപങ്ങളുടെ നിർമ്മാണം - പ്രദർശനം<br>ഗണിതലാബ് ഒരുക്കൽ<br>വീട്ടിലും വിദ്യാലയത്തിലും | I to IV | ക്ലാസ്<br>ടീച്ചർ<br>പാരന്റ്സ് | | ജൂൺ<br>മാർച്ച് |
| | ഗണിതശേഷികളുടെ പ്രകടനം | ഗണിതമേള | പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉല്പന്നങ്ങളുടെ പ്രദർശനം | I to IV | ക്ലാസ് ടീച്ചർ<br>പാരന്റ്സ്<br>എസ്ആർജി | | വർഷത്തിൽ ഒരിക്കൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഭിന്നശേഷിക്കാരെ സ്വതന്ത്രമായി ഭാഷണം ചെയ്യുന്നതിനും വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | പാട്ടുപാടാം - കൂട്ടുകൂടാം | അക്ഷരരൂപങ്ങളിൽ വിരലോടിക്കൽ<br>• പാട്ടുപാടൽ<br>• കഥപറയൽ<br>• പരിസരക്കാഴ്ച പറയൽ<br>• ചിത്രങ്ങൾക്ക് വിവരണം നൽകൽ<br>• ഇഷ്ടമുള്ള ചിത്രങ്ങൾ വരയ്ക്കൽ<br>• ഒറിഗാമി | I to IV | അധ്യാപകർ | | ജൂൺ മുതൽ ഫെബ്രുവരി വരെ |

| | പഠനനേട്ടം / ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | ക്ലാസ് | കാലം |
|---|---|---|---|---|---|
| 1 | അക്ഷസ്ഫുടതയോടെയും ആശയവ്യക്തതയോടുമുള്ള വായന | വായിക്കാം എഴുതാം | വായനക്കാർഡ്, കുട്ടിക്കഥകൾ<br>കുട്ടിക്കവിതകൾ - നിശബ്ദ വായന, ഉച്ചത്തിൽ വായന | I to IV | ഫെബ്രുവരി വരെ |
| | | ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി | പത്രവായന നടത്തി തലക്കെട്ടുകൾ രേഖപ്പെടുത്തൽ | | |
| 2 | | പദതമ്പോല<br>വാക്യതമ്പോല | അക്ഷരക്കളങ്ങൾ<br>പദക്കളങ്ങൾ ഇവ നൽകുന്നു. പദങ്ങൾ വാക്യങ്ങൾ എന്ന രീതിയിൽ പരമാവധി എഴുതാൻ പറയുന്നു. | I to IV | ഫെബ്രുവരി വരെ |
| | രചനാ പരമായ കഴിവ് വികസിപ്പിക്കാനും പ്രകടിപ്പിക്കാനുമുള്ള അവസരം ഉണ്ടാക്കുന്നു | കഥകാണാം<br>എഴുതാം | കുട്ടികൾക്ക് ഐ.സി.റ്റി ഉപയോഗിച്ച് കഥ കാണാൻ അവസരം<br>കണ്ട കഥ സ്വയം എഴുതാൻ അവസരം<br>സ്വതന്ത്രമായ കഥാരചന മെച്ചപ്പെടുത്തി എഴുതാൻ | | ഫെബ്രുവരി വരെ |
| | | ചിത്രം വരയ്ക്കാം<br>വർണ്ണന | കുട്ടികൾ അവരുടെ സങ്കല്പത്തിലെ ഗ്രാമം വരയ്ക്കുന്നു.<br>തുടർന്ന് ഓരോ കുട്ടിയും ഗ്രാമത്തെ ക്കുറിച്ച് വർണ്ണന തയ്യാറാക്കുന്നു. | | |

# ഗണിതം – എൽ.പി

| | പഠനനേട്ടം /ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | ക്ലാസ് | ചുമതല | സാമ്പത്തികം | കാലം |
|---|---|---|---|---|---|---|---|
| 1 | അതാത് ക്ലാസുകളിൽ നേടേണ്ട ശേഷികൾ നേടിയിട്ടുണ്ടോ എന്ന് പരിശോധിക്കൽ | പ്രീ- ടെസ്റ്റ് | സംഖ്യാബോധം, സങ്കലനം, വ്യവകലനം, തുടങ്ങിയ പരിശോധിക്കുന്നതിന് യോജിച്ച വർക്ക്ഷീറ്റ് നൽകുന്നു | I to IV | | | ജൂൺ ആദ്യവാരം |
| 2 | ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവും ആക്കി മാറ്റി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷികൾ ഉറപ്പാക്കുക | സ്ഥാനവില തിരിച്ചറിഞ്ഞ് വായിക്കുന്നതിനും എഴുതുന്നതിനും അനുയോജ്യമായ പ്രവർത്തനങ്ങൾ | അബാക്കസ്, Place Value, Pocket, Aravind Guptha Plan Value strips തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ Number Card, Beeds, മഞ്ചാടി, എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>ICT Activities | I to IV | | | ജൂൺ ആദ്യ വാരം |
| 3 | സംഖ്യാബോധം ഉറപ്പുവരുത്തുന്നതിന് | കളിനോട്ടുകൾ ഉപയോഗിച്ചുള്ള ഗണിത കളികൾ | ആരോഹണ - അവരോഹണം ക്രമത്തിൽ സംഖ്യകൾ എഴുതാനുള്ള പ്രവർത്തനം | I to IV | | | ജൂൺ ആദ്യ വാരം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | ഡൈസുകളി, സംഖ്യാചക്രം ഉപയോഗിച്ചുള്ള ഗണിതകേളികൾ | | | | | |
| 4 | ഭിന്നശേഷി കുട്ടികൾക്ക് പ്രവർത്തനങ്ങൾ ചെയ്യുന്നതിന് | | ക്ലാസ് റൂം പ്രവർത്തനങ്ങൾ ലഘുവാക്കി നിത്യജവീതിതവുമായി ബന്ധപ്പെടുത്തി നൽകുന്നു | | | | | |
| 5 | ചതുഷ്ക്രിയകൾ അനായാസം ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുക | സംഖ്യാമാല സംഖ്യാചക്രം | സംഖ്യാമാല, സംഖ്യാമരം, പടികയറാം, സംഖ്യാചക്രം തുടങ്ങിയ ഗണിതകളികളിലൂടെ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | | | | | |
| 6 | | ഭാഗ്യവാനെ കണ്ടെത്താം ഐ.സി.റ്റി ജോഡി കണ്ടെത്താം | ഐ.സി.റ്റി സാധ്യത ഉപയോഗിച്ച് കൂടുതൽ പ്രവർത്തനങ്ങൾ ചെയ്യുന്നു. നമ്പർ കാർഡ്, അരവിന്ദ് ഗുപ്ത.... | | | | | |
| 7 | | സങ്കലനം, വ്യവകലനം, ഗുണനം, ഹരണം തുടങ്ങിയവ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ | തുടങ്ങിയവ ഉപയോഗിച്ച് കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു. | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നതിന് | മേനിപറച്ചിൽ | ചതുരം, സമചതുരം തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | | | | | സെപ്റ്റംബർ |
| | | ചിത്രപാറ്റേൺ പാർക്ക് നിർമ്മാണം | ക്ലാസ് റൂം, ചുവരുകൾ ജാമ്യിതീയ രൂപങ്ങൾ വരച്ച് പ്രയോജനപ്പെടുത്തുന്നു. | | | | | |
| | ഗണിതപഠനം ആസ്വാദ്യകരമാക്കാനും ഗണിതാശയങ്ങൾ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നതിനും | ഏണിയും പാമ്പും, ഡൈസുകളി, ICT activities Bala, കടകളി മെട്രിക്മേള, ഗണിതോത്സവം, Field Trip | ഗണിതവുമായി ബന്ധപ്പെട്ട വിവിധ ഗണികകളികളിൽ ഏർപ്പെടുന്നു. | | I to IV | | | ഫെബ്രുവരി വരെ |
| | | | പഠന ഉപകരണ നിർമ്മാണ ശില്പശാല സംഘടിപ്പിക്കുന്നു. Metric Melaകൾ നടത്തുന്നു. | | | | | |

# പരിസരപഠനം 2022–23 എൽ.പി

| | പഠനനേട്ടം /ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | ക്ലാസ് | ചുമതല | സാമ്പ ത്തികം | കാലം |
|---|---|---|---|---|---|---|---|
| 1 | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | പ്രകൃതി നടത്തം | ചുറ്റുപാടുമുള്ള ജീവജാലകങ്ങളെ നിരീക്ഷിക്കാം. | I to IV | | | ജൂൺ ആദ്യവാരം |
| | | | പ്രത്യേകതകൾ മനസ്സിലാക്കാം<br>വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം<br>ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച<br>നമുക്ക് ചുറ്റുപാടുമുളള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം സ്വയം തിരുത്താം<br>പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസിലാക്കാം<br>തെറ്റും ശരിയും ചർച്ച ചെയ്യാം | I to IV | അധ്യാപകർ | | ജൂൺ ആദ്യ വാരം |
| | | | സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>വീട്ടിൽ പൂന്തോട്ടം ഒരുക്കാം | I to IV | അധ്യാപകർ | | ജൂൺ ആദ്യ വാരം |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | പരിസ്ഥിതി ദിനത്തോടനുബന്ധിച്ച്<br>വൃക്ഷതൈ നടീൽ<br>നട്ട വൃക്ഷത്തൈ പരിപാലിക്കൽ | I to IV | അധ്യാപകർ<br>കുട്ടികൾ | | ജൂൺ -<br>മാർച്ച് |
| | | | പ്രകൃതിസംരക്ഷണപോസ്റ്റർ തയ്യാറാക്കുക<br>പരിസരങ്ങളിൽ പതിക്കൽ | | | | ജൂൺ -<br>മാർച്ച് |
| | | | പൂന്തോട്ടത്തിൽ വേനൽകാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം | | | | മാർച്ച് -<br>മെയ് |
| | വ്യക്തിശുചിത്വവും പരിസര ശുചിത്വവും | ദിനകൃത്യങ്ങൾ | ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു<br><br>കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു | I to IV | അധ്യാപകർ<br>കുട്ടികൾ | | ജൂൺ -<br>മാർച്ച് |
| | | നമ്പർ വൺ | ക്ലാസ് തല ശുചിത്വമത്സരം<br>വ്യക്തി ശുചിത്വം, ക്ലാസ്റൂം പരിസര | I to | | | ജൂലൈ<br>മാർച്ച് |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു | IV | | | |
| | | പരിസര നടത്തം | നമ്മുടെ പരിസരത്തെ മലിനീകരണപ്രശ്നം, അടുത്തറിയാം<br>മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം<br>പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ | I to IV | അധ്യാപകർ | | ജൂൺ - ഡിസംബർ |
| | | നല്ലശീലം | പോസ്റ്ററുകൾ തയ്യാറാക്കാം<br>പരിസരങ്ങളിൽ പതിക്കാം | I to IV | അധ്യാപകർ | | ജൂലൈ - മാർച്ച് |
| | ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക | ഫീൽഡ്ട്രപ്പ് | നമ്മുടെ നാടിനെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട് മുതലായവ) | I to IV | അധ്യാപകർ | 1000 | ജനുവരി - മാർച്ച് |
| | പരീക്ഷണങ്ങൾ | പരീക്ഷണങ്ങൾ | ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു | I to IV | | | ഡിസംബർ- ഫെബ്രുവരി |

# ENGLISH

| | Learning out comes AIM | Activities | Activities in details | Class | Duty | Expenses | Time |
|---|---|---|---|---|---|---|---|
| | To Speak, Read and write English without any mistakes | Pre-test | To Check the vocabulary and writing skills of pupil – Work sheet<br>Reading card<br>Picture cards | I to IV | Teacher | | June – March |
| | To develop the listerning skill and speaking skills | Hear and enjoy Let's speak | Action songs. Hello English activities, stories through ICT, Hearing news, conversation, skit etc Self introduction, describes the object (eg. Vegetables, pet flowers) | I to IV | | | June – July |
| | Reads and understand the given stories and poems | Hear and enjoy<br>Lets' Speak<br><br>Let's read | Provides the opportunity to read simple stories and poems.<br><br>- News paper reading<br>- Story chart<br>- Library books – | I to IV | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | Class library book – class library (at least – 10 books) | | | | |
| | Express thoughts and feelings in simple language | Thoughts Completing word web | Add lines to the peoem make simpe riddles Write a short description about one's own family<br>- Picture description<br>- Thoughts based on textbooks activities | I to IV | Teacher | | Septemeber – February |
| | Develop the creative speaking and writing | A day for English | Choreography – based on classroom activities English fest skit, riddles making etc | I to IV | | | June March |
| | For CWSN | Picutre description | Give an opportunity ot express their idea in Malayalam – in description | I to IV | | | |

# തനതു പ്രവർത്തനം

| പഠനനേട്ടം /ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | ചുമതല | സാമ്പത്തികം | കാലം |
|---|---|---|---|---|---|
| സാമൂഹിക അവ ബോധം വളർത്തുക | ഷോർട്ട് ഫിലിം നിർമ്മാണം | കുട്ടികളിൽ സാമൂഹിക അവബോധം വളർത്തുന്നതിനും കാലിക പ്രസക്തിയുള്ള വിഷയങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നതിനും കാലിക പ്രസക്തിയുള്ള വിഷ യത്തെ അടിസ്ഥാനമാക്കി ഷോർട്സ് ഫിലിം നിർമ്മാണം. ക്ലാസ് തലത്തിൽ എഴുത്ത്, അഭിനയം എന്നീ കഴിവുകൾ ഉള്ള കുട്ടികളെ കണ്ടെത്തി.  കുട്ടികളെ കൊണ്ട് തയ്യാ റാക്കി ഷോർട്ഫിലിം നിർമ്മിക്കാൻ. | കുട്ടികൾ പിടിഎ അധ്യാപകർ | 10000 | 6 മാസം ജൂലൈ മുതൽ ഡിസംബർ വരെ |
| ശുചിത്വബോധം ഉറ പ്പിക്കൽ | ഗ്രീൻ ക്യാമ്പസ് ക്ലീൻ ക്യാമ്പസ് പ്രവർത്തനം | സ്കൂൾ പരിസരം ഹരിതാഭവും വൃത്തിയുള്ളതുമാക്കാ നുള്ള ഗ്രീൻ ക്യാമ്പസ് ക്ലീൻ ക്യാമ്പസ് പ്രവർത്തനങ്ങൾ എല്ലാ ക്ലാസിലും<br>സ്കൂൾ പരിസരവും വൃത്തിയും വെടിപ്പുമുള്ളതായി സൂക്ഷിക്കുക. അതിനുവേണ്ടി ക്ലാസ് തല ഹരിത സേനാംഗങ്ങളെ തിരഞ്ഞുടുക്കുക.<br>മികച്ച രീതിയിൽ ശുചിത്വം സൂക്ഷിക്കുന്ന ക്ലാസിന് സമ്മാനം നൽകുക | | | ജൂൺ ആദ്യ വാരം |